"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പി.ഡി., ക്ലർക്കായിരുന്ന ശ്രീ.എബ്രഹാം ജോർജ്ജ് എന്നിവർക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർ (എംപ്ലോയിമെന്റ്)നെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.10246/2025/GEDN തീയതി,തിരുവനന്തപുരം, 15-12-2025

---

പരാമർശം:-
1. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ 23/07/2025-ലെ പൊവി-ഡിഎ1/107/2025/പൊ.വി.വ. നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
2. കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 15/11/2025- ലെ വിഎ3/20883/2023/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ചിത്ര പി ഡി.യ്ക്കെതിരെ, ടി ഓഫീസിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ.എബ്രഹാം ജോർജ് നൽകിയ പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ QIP വിഭാഗം വിദ്യാഭ്യാസ ഉപഡയറക്ടർ, 30/11/2023 ന് അഞ്ചൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സന്ദർശിച്ച് അന്വേഷണം നടത്തിയിരുന്നു. ടി അന്വേഷണത്തിൽ മേൽ 2 ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നും അതീവ ഗുരുതരമായ വീഴ്ചകൾ ഉണ്ടായതായി കണ്ടെത്തിയിരുന്നു.

2) ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വിസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീ ലും) ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്ത് പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു. ടി കറ്റപത്രത്തിന്മേൽ ടിയാളുകൾ പരാമർശം (2) പ്രകാരം

പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. ടി പ്രതിവാദപത്രികയിന്മേൽ ശ്രീമതി.ചിത്ര.പി.ഡി., ശ്രീ.എബ്രഹാം ജോർജ് എന്നിവർ സമർപ്പിച്ചിരിക്കുന്ന വിശദീകരണം തൃപ്തികരമായി കാണുന്നില്ലെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (1) കുറ്റപത്രത്തിന്മേൽ ശ്രീമതി ചിത്ര പി.ഡി., ശ്രീ.എബ്രഹാം ജോർജ് എന്നിവർ സമർപ്പിച്ച പരാമർശം (2) പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർ (എംപ്ലോയിമെന്റ്)നെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

4) അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വിദ്യാഭ്യാസ ഉപ ഡയറക്ടർ (എംപ്ലോയിമെന്റ്) (പരാമർശം (1) കുറ്റപത്രം & കുറ്റാരോപണ പത്രിക, പരാമർശം (2) പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡി.എ1/107/2025/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signed by
Dhanya M B
Date: 15-12-2025 16:35:39
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എയ്ക്ക്